## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3641** **20.06.2018 ൽ മറുപടിയ്ക്ക്**

### ബാലാവകാശ സംരക്ഷണ കമ്മീഷനിൽ അംഗങ്ങളുടെ ഒഴിവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ബാലാവകാശ സംരക്ഷണ കമ്മീഷനിൽ 08.01.2017 ൽ വന്ന ആറ് അംഗങ്ങളുടെ ഒഴിവ് നികത്തിയിട്ടുണ്ടോ; എങ്കിൽ ആരെയൊക്കെയാണ് പ്രസ്തുത ഒഴിവുകളിൽ നിയമിച്ചത്; അവരുടെ യോഗ്യത എന്തൊക്കെയാണ്; | (എ) | 4 അംഗങ്ങളുടെ ഒഴിവ് നികത്തിയിട്ടുണ്ട്. അവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.<br>1) ശ്രീ. സി.ജെ. ആന്റണി<br>2) അഡ്വ. ശ്രീല മേനോൻ. എൻ<br>3) സിസ്റ്റർ. ബിജി ജോസ്<br>4) ശ്രീ. എം.പി. ആന്റണി<br>ഇവർക്ക് ബാലാവകാശ സംരക്ഷണ കമ്മീഷൻ ആക്ട്/റൂൾസ് പ്രകാരമുള്ള യോഗ്യതകളുണ്ട്. |
| (ബി) | ബാലാവകാശ സംരക്ഷണ കമ്മീഷനിലെ ഒഴിവുകൾ നികത്താത്തതിന് സംസ്ഥാന സർക്കാരിന് സുപ്രീം കോടതി എന്ത് തുകയാണ് പിഴ ചുമത്തിയത്; പ്രസ്തുത പിഴ അടച്ചിട്ടുണ്ടോ; | (ബി) | 50,000/- രൂപയാണ് ബഹു. സുപ്രീം കോടതി പിഴ ചുമത്തിയിരുന്നത്. പ്രസ്തുത പിഴ അടച്ചിട്ടുണ്ട്. |
| (സി) | ബാലാവകാശ കമ്മീഷനിലെ നിയമനങ്ങളിലുണ്ടായ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ കേരള ഹൈക്കോടതിയിൽ നിന്നും വിമർശനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആർക്കെതിരെയാണ് വിമർശനം ഉണ്ടായത്; പ്രസ്തുത വിമർശനം നീക്കിക്കിട്ടുവാൻ ഡിവിഷൻ ബഞ്ചിനെ സമീപിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട കേസിൽ [WP(C) No.1994/2017] ആരോഗ്യ വകുപ്പ് മന്ത്രിയ്ക്കെതിരെ ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധിയിലുണ്ടായ പരാമർശങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് ചൂണ്ടിക്കാട്ടി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നീക്കം ചെയ്തിട്ടുണ്ട് (WA No.1756/2017). |

സെക്ഷൻ ഓഫീസർ.